**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 792** **29-08-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതിയിൽ ആദിവാസി കുടുംബങ്ങൾക്ക് വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ആദിവാസി കുടുംബങ്ങൾക്ക് നിലവിൽ വീട് നിർമ്മിച്ച നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അർഹത മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം അർഹരായി കണ്ടെത്തുന്ന എല്ലാ പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. ആയതിനുള്ള അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>• വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>• ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br>• അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.<br>• ജീർണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ എന്ന വിഭാഗത്തിൽ പരിഗണിക്കാം) |

| | | | |
|---|---|---|---|
| | | | നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച നൽകിയിട്ടുണ്ട്; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭവന നിർമ്മാണത്തിനായി ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ 518 വീടുകളും മൂന്നാം ഘട്ടത്തിൽ 271 വീടുകളും ഉൾപ്പെടെ ആകെ 789 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തിൽ 140 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ